(സി)	വർഷം	നോൺ പ്ലാൻ	പ്ലാൻ
	2001-02	10 ലക്ഷം രൂപ	113 ലക്ഷം (84.75 ലക്ഷം രൂപയായി കുറവുചെയ്തു)
	2002-03	10 ലക്ഷം രൂപ	30 ലക്ഷം രൂപ (25.5 ലക്ഷമായി കുറവു വരുത്തി)

(ഡി) 2001-02 വർഷത്തിൽ യന്ത്രസാമഗ്രികൾ ഒന്നും വാങ്ങിയില്ല. 2002-03 വർഷത്തിൽ നോൺ പ്ലാൻ ഇനത്തിൽ 2.46 ലക്ഷം രൂപയ്ക്കും പ്ലാൻ ഇനത്തിൽ 24.47 ലക്ഷം രൂപയ്ക്കും യന്ത്രസാമഗ്രികൾ വാങ്ങി.

(ഇ) ലാപ്സായ തുക ചുവടെ ചേർക്കുന്നു:

വർഷം	നോൺ പ്ലാൻ	പ്ലാൻ
1996-97	12.27 ലക്ഷം രൂപ	27.48 ലക്ഷം രൂപ
1997-98	21.23 ,,	23 ,,
1998-99	0.94 ,,	35.47 ,,
1999-00	0.90 ,,	ഇല്ല
2000-01	0.27 ,,	ഇല്ല
2001-02	2.64 ,,	61.52 ,,
2002-03	2.79 ,,	1.03 ,,

ഈ വർഷങ്ങളിൽ റീ അപ്രോപ്രിയേഷൻ മുഖേന ചെലവാക്കിയ തുക അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(എഫ്) സ്വീകരിക്കുന്നതാണ്.

തൃക്കാക്കര കെ. ബി. പി. എസ്. സ്ഥാപനം

92 [6067] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളത്തെ തൃക്കാക്കര കെ. ബി. പി. എസ്. എന്ന സ്ഥാപനം ഗുരുതരമായ പ്രതിസന്ധിയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാരിന്റെ അച്ചടി ആവശ്യങ്ങൾക്കായി ഈ പ്രസ്സ് പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നു വ്യക്തമാക്കാമോ;

(സി) പാഠപുസ്തകങ്ങളുടെ അച്ചടി സംബന്ധമായ മറ്റു ജോലികളും പ്രസ്തുത സ്ഥാപനത്തെ ഏൽപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്സിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ അവസാനമായി പരിഷ്കരിച്ചത് എന്നാണ്; ശമ്പള വർദ്ധനവ് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) കെ. ബി. പി. എസ്സിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാനും വിപുലീകരിക്കുവാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(എഫ്) പേപ്പർ വിറ്റഴിക്കുന്ന തുക ഏതു വിധത്തിലാണ് വിനിയോഗിക്കുന്നത്; പ്രസ്തുത വരുമാനം പ്രസ്സിന്റെ ആവശ്യത്തിനായി ചെലവഴിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാഠപുസ്തകങ്ങളും ലോട്ടറി ടിക്കറ്റുകളുമാണ് കെ. ബി. പി. എസ്സിൽ പ്രധാനമായും അച്ചടിക്കുന്നത്. സർക്കാരിന്റെ മറ്റ് അച്ചടി ആവശ്യങ്ങൾ നിറവേറ്റാൻ സർക്കാർ പ്രസ്സുകൾ നിലവിലുണ്ട്.

(സി) പാഠപുസ്തകങ്ങൾ അച്ചടിക്കാൻ വേണ്ടിയാണ് കെ. ബി. പി. എസ്. സ്ഥാപിതമായത്. എല്ലാവർഷവും പാഠപുസ്തകങ്ങളുടെ അച്ചടി പ്രധാനമായും ഈ സ്ഥാപനത്തെ ഏൽപ്പിച്ചുവരുന്നു.

(ഡി) 5-1-01-ലെ ജി. ഒ. (എം എസ്) 6/2001/ഉവിവ.സർക്കാർ ഉത്തരവ് പ്രകാരം 1-3-1997 മുതൽ മുൻകാല പ്രാബല്യം നൽകിയാണ് ജീവനക്കാരുടെ വേതന വ്യവസ്ഥകൾ അവസാനമായി പരിഷ്കരിച്ചത്. ഉടൻ ശമ്പള വർദ്ധനവ് നടപ്പാക്കാൻ ആലോചനയില്ല.

(ഇ) ഇതിനായി ഒരു കർമ്മ പദ്ധതി തയ്യാറാക്കി വരുന്നു.

(എഫ്) ബുക്ക് അച്ചടി ജോലിയുടെ ഭാഗമായി ഉണ്ടാകുന്ന വേസ്റ്റ് പേപ്പർ വിറ്റു കിട്ടുന്ന തുക 6:2 എന്ന അനുപാതത്തിൽ കെ. ബി. പി. എസ്സിന്റെയും ഗവൺമെന്റിന്റെയും വകയിൽ മുതൽകൂട്ടണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

[5961, 5969, 5976, 5977, 5978, 5979, 5980, 5982, 5987, 5998, 6011, 6045, 6046, 6047, 6048, 6053, 6057, 6058, 6062, 6063 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.]

LIBRARY ARCHIVES Kerala Legislative Assembly